# അപ്പൂപ്പൻ താടികൾ



ST.JOSEPH'S HS ENAMAKKAL

# Our school



# താളുകൾ മറിയുമ്പോൾ


- ആശംസ
- മലയാളം എന്ന പേര്...
- പഴമൊഴികൾ
- ചാർളി ചാപ്ലിൻ
- എൻ അമ്മതൻ സ്നേഹം - കവിത
- William Shakespeare
- എം.ടി വാസുദേവൻ നായർ
- The Wise Boar -Story
- ഓണാഘോഷം - ഓർമ്മക്കുറിപ്പ്
- ചിത്രരചന
- मेरा देश

# ആശംസ

വിദ്യാർത്ഥികളുടെ സാങ്കേതിക വിദ്യകൾ വളർത്തിയെടുക്കുന്നതിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്
ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ നിർമിച്ച ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

HEAD MASTER
P T CHACKO

# മലയാളം എന്ന പേര്



മലയാളം എന്നതു ദേശനാമം മാത്രമായിരുന്നെന്നും മലയാള നാട്ടിലെ ഭാഷ എന്ന അർത്ഥത്തിലാണ് മലയാള ഭാഷ എന്നു പറയുന്നതെന്നും കേരളപാണിനീയത്തിൽ **എ. ആർ രാജരാജവർമ്മ** ചൂണ്ടിക്കാണിക്കുന്നു. ആധുനിക മലയാളത്തിന്റെ

ആവിർഭാവത്തോടെയാണ് ദേശനാമം തന്നെ ഭാഷയ്ക്കും ഉപയോഗിക്കാൻ തുടങ്ങിയതെന്നും അദ്ദേഹം പറയുന്നു.

**മലയുടേയും ആഴത്തിന്റേയും (സമുദ്രം)ഇടയ്ക്കുള്ള ദേശം** എന്ന അർത്ഥത്തിലായിരുന്നു മലയാളം എന്ന പേര്. മലകളുള്ള ആളം (ദേശം)എന്നും നിരീക്ഷണമുണ്ട്.നമ്മുടെ ഭാഷയ്ക്ക് മലയാളം എന്ന പേരുറച്ചത് **19-ാം** നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെയാണെന്നാണ് പണ്ധിതവാദം.

# പഴമൊഴികൾ

- ഐകമത്യം മഹാബലം
- ആവശ്യമാണ് സൃഷ്ടിയുടെ മാതാവ്
- ആശാനും അടവു തെറ്റും
- കുരുടൻ നാട്ടിൽ കോങ്കണ്ണൻ രാജാവ്
- അക്ഷരം പലതെങ്കിലും വിദ്യ ഒന്ന്
- ഭിത്തിയുണ്ടെങ്കിലേ ചിത്രമുള്ളൂ.....
- തൊഴുതുണ്ണുന്ന ചോറിനേക്കാൾ ഉഴുതുണ്ണുന്ന ചോറ് കേമം!
- ഛിദ്രത്തിൽ ശത്രു കിടക്കും
- അടയ്ക്ക കട്ടാലും ആന കട്ടാലും കള്ളനെന്നാ.....പേര്
- അൽപന് അർഥമുണ്ടായാൽ അർധരാത്രിക്ക് കുട പിടിക്കും
- അരി നാഴിയേ ഉള്ളുവെങ്കിലും അടുപ്പുകല്ല് മൂന്ന് വേണം
- ഉള്ളിലുള്ളത് കണ്ണിലറിയാം
- ഉറങ്ങുന്നവന് ഉണർത്താം,ഉറക്കം നടിക്കുന്നവനെ ഉണർത്താൻ പറ്റുമോ?

- *കടുക് ചോരുന്നത് കാണുന്നു.ആന ചോരുന്നത്കാണുന്നില്ല.*
- *ഒരു കുന്നിന് ഒരു കുഴി*
- *കാറ്റു വിതയ്ക്കുന്നവൻ കൊടുങ്കാറ്റ് കൊയ്യും.*
- *വിദ്യാധനം സർവധനാൽ പ്രധാനം*
- *കുടം കമഴ്ത്തിവച്ച് വെള്ളമൊഴിക്കരുത്*
- *കുടലെടുത്ത് കാണിച്ചാലും വാഴനാര്*

**-Karthik**

# ചാർളി ചാപ്ലിൻ



ചാർളി ചാപ്ലിൻ ഒരു  സദസ്സിൽ ഒരു തമാശ  പറഞ്ഞു.  അതു കേട്ട് ആളുകൾ ചിരിക്കാൻ തുടങ്ങി. ചാപ്ലിൻ അതേ തമാശ വീണ്ടും ആവർത്തിച്ചു. ഇത്തവണ കുറച്ച് ആളുകൾ മാത്രം ചിരിച്ചു. പിന്നെയും ചാപ്ലിൻ അതേ തമാശ തന്നെ

പറഞ്ഞു. എന്നാൽ ഇത്തവണ ആരും ചിരിച്ചില്ല. അപ്പോൾ ചാപ്ലിൻ ഈ മനോഹരമായ വാക്കുകൾ പറഞ്ഞു,

**" ഒരേ തമാശ കേട്ട് നിങ്ങൾക്ക് വീണ്ടും വീണ്ടും ചിരിക്കാൻ കഴിയുന്നില്ലെങ്കിൽ എന്തിനാണ് ഒരേ സങ്കടമോർത്ത് വീണ്ടും വീണ്ടും കരയുന്നത് ? "**

# ചാർളി ചാപ്ലിൻ പറഞ്ഞത് ;;;;



- എനിക്ക് മഴയത്ത് നടക്കാൻ ഇഷ്ടമാണ്. കാരണം ഞാൻ കരയുന്നത് ആരും കാണില്ല.
- ജീവിത്തിലെ ഏറ്റവും പാഴ്ദിവസം അത് നമ്മൾ ചിരിക്കാത്ത ദിവസമാണ്.
- പഠിക്കുമ്പോൾ വിദ്യാലയങ്ങളോട്

വെറുപ്പായിരുന്നു. ജീവതത്തോട് പ്രണയവും.ഇന്ന് വിദ്യാലയങ്ങളോട് പ്രണയവും ജീവിതത്തോട് വെറുപ്പുമായി തുടങ്ങി.

- ഞാൻ നിനക്കായ് ഇത്രയും ചെയ്തിട്ടും നീ എനിക്കുവേണ്ടി ഒന്നും ചെയ്തില്ലല്ലോ ?എന്ന തോന്നലിൽ നിന്നാണ് ബന്ധങ്ങളിൽ അകൽച്ചയുണ്ടാകുന്നത്.

**Vinsha k.v**

# എൻ അമ്മതൻ സ്നേഹം



രാവിലെ ഞാനുണരും നേരം
കുളിച്ച് മുടിയിൽ തുളസി കതിർ-
ചൂടി വരും എൻ അമ്മ
സ്നേഹം കൊണ്ട് വാരി പുണരും
നല്ലൊരു ദിവസം സമ്മാനിക്കും
എന്റെ ദുഃഖങ്ങളിൽ ആശ്വാസമേകാൻ
എന്നരികെ വന്നു ചേരും അമ്മ
തണലായ് താങ്ങായ് ഒരു മരം പോൽ
വളർന്നു നിൽക്കും എൻ അമ്മ
കറന്റു പോയിടും നേരം

ഞാൻ എന്നമ്മതൻ കണ്ണിൽ
കണ്ണെഴുതാൻ കണ്ണാടി കണ്ടിടും
അത്രമേൽ ഐശ്വര്യം തൂകുമെന്ന-
മ്മതൻ വാക്കാണെനിക്കന്ത്യം
സ്നേഹ സാന്ത്വന മേകി എൻ
ഉയർച്ചയ്ക്കായ് പ്രാർത്ഥിക്കും അമ്മ
സ്നേഹ കരുതൽ നൽകുകയും എൻ
തെറ്റിൽ തിരുത്തൽ നടത്തുകയും ചെയ്യും
അമ്മതൻ സ്നേഹവും കരുതലും
നൂറ്റാണ്ടു പിന്നിടുമ്പോൾ പോൽ
നിലയ്ക്കുന്നില്ല
ആ സ്നേഹമാണമ്മതൻ അർത്ഥം

*-ADARSH*

# *WORLD FAMOUS WRITER*

- William Shakespeare



World famous English dramatist and poet, William Shakespeare was born the son of a merchant at Stratford. In 1590 he came to London seeking a job, and worked as a labourer in a  Theatre.

Continuous contact with the stage people made him an actor and he began writing plays and poems.
He found the theme for his plays from some small events of day-to-day life. Most of his dramas became world famous. Othello, Macbath, Merchant of Venice,King Lear,Hamlet etc .are his famous plays through which Shakespeare is remembered as living hero. He died on 23 April, 1616.

# എം.ടി.



# വാസുദേവൻനായർ

*1933* ൽ പാലക്കാട് ജില്ലയിലെ കുടല്ലൂരിൽ ജനനം.നോവലിസ്റ്റ്,ചെറുകഥാകൃത്ത്

തിരക്കഥാകൃത്ത്, സംവിധായകൻ, പത്രാധിപർ എന്നീ നിലകളിൽ പ്രസിദ്ധൻ. നാലുകെട്ട്, അസുരവിത്ത്, മഞ്ഞ്, രണ്ടാമൂഴം, കാലം തുടങ്ങിയ നോവലുകളും ഇരുട്ടിന്റെ ആത്മാവ്, നിന്റെ ഓർമ്മയ്ക്കക്ക്, വാനപ്രസ്ഥം, കുട്ട്യേടത്തി തുടങ്ങി അനേകം ചെറുകഥകളും ഒരു വടക്കൻ വീരഗാഥ, വൈശാലി, പെരുന്തച്ചൻ,പരിണയം തുടങ്ങി നിരവധി തിരക്കഥകളും രചിച്ചിട്ടുണ്ട്.

ജ്ഞാനപീഠം, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

# The wise boar

one day a jackal was roaming in a thick forest in search of food . Suddenly he heard a sound of scratching. He looked around and saw a wild boar standing under a tree. The boar was rubbing his tusks against the thick trunk of the tree. His action was producing a grating sound that was very irritating.

At last the jackal decided to go and ask the boar .He said “Hello Mr Boar,what are you doing ?” “I am sharpening my tusks “replied the boar“But why? I can't see any hunter around nor is there any other danger in sight” argued the jackal curiously.

“Is it wise to dig a well ,when a fire has broken out?”.question the boar .

Then he went on to say “we are all living in a forest where enemies are always round the corner Who knows when one will have to face any enemy So I'am sharpening my tusks to keep them ready to be used .If I don't do it ,I may not get time to sharpen them if the danger appears

suddenly”, explained the boar . The jackal praised the wisdom of the boar and went his way happy and satisfied.

'


# ഓണാഘോഷം


ഓണാവധിക്ക് സ്കൂൾ അടച്ചു.പിറ്റേ
ദിവസം മുതൽ ഓണത്തിനുള്ള
ഒരുക്കങ്ങൾ തുടങ്ങി. അച്ഛനും അമ്മയും
ചേച്ചിയും ഞാനും കൂടി ഓണക്കോടി
എടുക്കാൻ പട്ടണത്തിൽ പോയി.
കൂട്ടത്തിൽ ഒരു സിനിമയും കണ്ടു.
അടുത്തദിവസം ഏത്തക്കായ വറുക്കാൻ
അമ്മയെ സഹായിച്ചു.
വൈകുന്നേരങ്ങളിൽ ഞാനും കൂട്ടുകാരിയും
ചേർന്ന പൂക്കൾ ശേഖരിച്ചുകൊണ്ടുവരും.
ദിവസവും രാവിലെ പൂക്കളം തീർക്കും.
അമ്മ മുറ്റത്ത് ചാണകം മെഴുകി തരും.
ഞാനും ചേച്ചിയും കൂടി പൂക്കളമൊരുക്കും.
തിരുവോണദിവസം രാവിലെ നേരത്തെ

എഴുന്നേറ്റ് കുളിച്ച് ഓണക്കോടിയെടുത്ത് അമ്പലത്തിൽ പോയി.
ഓണസദ്യയൊരുക്കുവാൻ അടുക്കളയിൽ അമ്മടെ സഹായിച്ചു. ഉച്ചക്ക് സദ്യ ഉണ്ടു. തിരുവോണപ്പായസത്തിന്റെ മധുരം ഇപ്പോഴും നാവിൽ നിന്ന് മാഞ്ഞിട്ടില്ല. അച്ഛൻ ഒരു ഊഞ്ഞാൽ മുറ്റത്ത് കെട്ടിത്തന്നു. അതിലിരുന്ന് ഞാനും ചേച്ചിയുമാടി.

ഉച്ചയ്ക്കു ശേഷം ഞങ്ങളെല്ലാവരും ക്രൂടി അമ്മയുടെ വീട്ടിലേക്ക് പോയി. രണ്ടു മൂന്ന് ദിവസം അവിടെ ക്രൂടി. കളിക്കാൻ ക്രൂട്ടുകാരുമുണ്ടായിരുന്നു. അവിടെ അടുത്ത് ഒരു ക്ലബ്ബിൽ ഓണാഘോഷ പരിപാടികൾ ഉണ്ടായിരുന്നു. സ്ക്കൂൾ തുറക്കുന്നതിന്റെ തലേന്നാൾ വീട്ടിൽ

തിരിച്ചെത്തി. ഓണക്കാലത്തെ മധുരിക്കുന്ന ഓർമ്മകളുമായി പിറ്റേ ദിവസം സ്കൂളിലേക്കു പോയി.





# കൃതജ്ഞത

ഈ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും കൃതജ്ഞത നേരുന്നു.

